**8.12.2009**

പ്രിയസുഹൃത്തേ,

കോൺഗ്രസ് അനുഭാവികളായ വിദേശമലയാളികൾക്കുവേണ്ടി കെ.പി.സി.സി. രൂപീകരിച്ചിരിക്കുന്ന സംഘടനയാണ് ഓവർസീസ് ഇൻഡ്യൻ കൾച്ചറൽ കോൺഗ്രസ് [OICC] എന്നറിയാമല്ലോ. ഇതരരാജ്യങ്ങളിലായി നമ്മുടെ ഈ സംഘടന പ്രവർത്തിക്കുന്നുണ്ടെങ്കിലും കോൺഗ്രസ് അനുഭാവികളായ പലരും മറ്റു പല സംഘടനകളിലും പ്രവർത്തിക്കുന്നതായാണ് ഞാൻ മനസ്സിലാക്കുന്നത്. നിലവിലുള്ള ഈ സ്ഥിതി മാറ്റി നമ്മുടെ സംഘടനയുടെ കുടക്കീഴിൽ കോൺഗ്രസ് അനുഭാവികളായ മുഴുവൻ വിദേശമലയാളികളെയും അണിനിരത്തി, അവർക്ക് ഈ സംഘടനയിൽ അംഗത്വം നൽകി സംഘടനയെ ശക്തിപ്പെടുത്താൻ കെ.പി.സി.സി. തീരുമാനിച്ചിരിക്കുകയാണ്. ഇതോടൊപ്പം സംഘടനയ്ക്ക് വ്യക്തമായ ഒരു ഭരണഘടന നിർമ്മിക്കുവാനും അതിലൂടെ ഒരു കേന്ദ്രക്കമ്മിറ്റി രൂപീകരിക്കാനും കെ.പി.സി.സി. ഉദ്ദേശിക്കുന്നു. ഇക്കാര്യങ്ങൾക്ക് നേതൃത്വം നൽകാനും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുമായി വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഒ.ഐ.സി.സി. പ്രതിനിധികളുടെ അതിവിപുലമായ സമ്മേളനം 2010 ജനുവരി 29, 30 തീയതികളിൽ കെ.പി.സി.സി.യുടെ നേതൃത്വത്തിൽ തിരുവനന്തപുരത്തു വച്ചു നടക്കുന്ന വിവരം സന്തോഷപൂർവ്വം താങ്കളെ അറിയിക്കുന്നു.

കേന്ദ്രപ്രവാസികാര്യവകുപ്പു മന്ത്രി ശ്രീ. വയലാർ രവി, കേന്ദ്രവിദേശകാര്യസഹമന്ത്രി ഡോ: ശശി തരൂർ, പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി തുടങ്ങിയ പ്രമുഖർ സമ്മേളനത്തിൽ മുഴുനീള സമയവും പങ്കെടുക്കും താങ്കളുടെ പ്രദേശത്തുനിന്നും പരമാവധി പ്രതിനിധികളെ ഈ സമ്മേളനത്തിൽ പങ്കെടുപ്പിച്ച് ഇതൊരു വിജയമാക്കിത്തീർക്കുവാൻ ഞാൻ നേരിട്ടു ക്ഷണിക്കുന്നു. ഈ ക്ഷണക്കത്തു ലഭിച്ച് ഒരാഴ്ചയ്ക്കുള്ളിൽ പ്രതിനിധികളുടെ വിശദവിവരങ്ങൾ എന്നെ കത്തുമുഖേനയോ ഇ.മെയിലിലൂടെയോ അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു. കത്തുകൾ പ്രസിഡന്റ് കെ.പി.സി.സി., ഇന്ദിരാഭവൻ, ശാസ്തമംഗലം-10, തിരുവനന്തപുരം, കേരളം, ഇൻഡ്യ എന്ന വിലാസത്തിലും ഇ.മെയിൽ rameshchennithala@gmail.com എന്ന വിലാസത്തിലും ലഭിക്കും. താങ്കളുടെ പ്രതികരണം പ്രതീക്ഷിച്ചുകൊണ്ട് നിർത്തുന്നു.

സ്നേഹപൂർവ്വം

**രമേശ് ചെന്നിത്തല**

*Send the details in email : mnrlatheef@gmail.com, mob: 9447847890*